LIBRARY ARCHIVES Kerala Legislative Assembly

അമ്പലപ്പുഴ മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ

163 (1990) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതുവരെ തുറമുഖ വകുപ്പ് അമ്പലപ്പുഴ മണ്ഡലത്തിൽ നടപ്പാക്കിയ വികസന പ്രവർത്തനം വിശദമാക്കാമോ ;

(ബി) വിവിധ പദ്ധതികൾക്കായി എത്ര തുക ചെലവഴിച്ചു ; ഓരോ പ്രവൃത്തിക്കും ചെലവഴിച്ചതുക തരം തിരിച്ച് വ്യക്തമാക്കാമോ ;

(സി) തുറമുഖ വകുപ്പ് അമ്പലപ്പുഴ മണ്ഡലത്തിൽ നടപ്പാക്കുവാനുദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തുറമുഖ വകുപ്പിൽ നിന്നും അമ്പലപ്പുഴ മണ്ഡലത്തിൽ വികസന പ്രവർത്തനങ്ങളൊന്നും നടപ്പിലാക്കിയിട്ടില്ല.

(ബി&സി) ബാധകമല്ല.

വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ പദ്ധതി

164 (1991) ശ്രീ. എളമരം കരീം :
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. സാജുപോൾ :
ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിലെ വല്ലാർപ്പാടം കണ്ടെയ്നർ ടെർമിനൽ പദ്ധതിയ്ക്ക് കമ്പോട്ടാഷ് വ്യവസ്ഥകളിൽ ഇളവ് ലഭിക്കുകയുണ്ടായോ ; ഇക്കാര്യത്തിൽ മുൻ യു.പി.എ. സർക്കാരിന്റെ കാലത്ത് ഷിപ്പിംഗ് മന്ത്രാലയം സ്വീകരിച്ച നിലപാട് എന്തായിരുന്നു ; കേരളത്തിൽ നിന്നുണ്ടായിരുന്ന കേന്ദ്രമന്ത്രിമാർ ഇക്കാര്യത്തിൽ സമ്മർദ്ദം ചെലുത്തിയിട്ടുണ്ടായിരുന്നുവോ ;

(ബി) ഇപ്പോഴുള്ള പ്രതികൂല സാഹചര്യങ്ങളെ അതിജീവിക്കാൻ എന്തെല്ലാം നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു ; വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കൊച്ചിയിലെ വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ പദ്ധതിക്ക് കേന്ദ്ര ഷിപ്പിംഗ് മന്ത്രാലയം 21-9-2012-ൽ കബോട്ടാഷ് നിയമത്തിൽ മൂന്ന് വർഷത്തിനു ശേഷമുള്ള അവലോകനത്തിന് വിധേയമായി ഇളവ് അനുവദിക്കുകയുണ്ടായി. കേരളത്തിൽ നിന്നുള്ള അന്നത്തെ കേന്ദ്രമന്ത്രിമാരുടെ ഇടപെടലും സമ്മർദ്ദവുമുണ്ടായിരുന്നു.

(ബി) കാർഗോ കൂടുതൽ ലഭിക്കുന്നതിനായി നികുതി ഗതാഗത എക്സൈസ് വകുപ്പിലെ നിലവിലുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ചുകൊണ്ട് കൊച്ചി ഇറമുഖത്ത് നിന്നും കണ്ടെയ്നർ കയറ്റുമതി ചെയ്യുന്നതിന് സംസ്ഥാന ഗവൺമെന്റ് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ Mainline വെസ്സലുകളോടനുബന്ധിച്ചുള്ള ചാർജ്ജുകളിൻമേലും ടെർമിനൽ ഹാൻഡ് ലിംഗ് ചാർജസിലും റിബേറ്റ് നൽകി വരുന്നു. കോയമ്പത്തൂരിൽനിന്നും റയിൽ മാർഗ്ഗം ICTT-യിൽ കാർഗോ എത്തിക്കുന്നതിനും ശ്രമിച്ചുവരുന്നു.

നാട്ടിക മണ്ഡലത്തിലെ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് വക റോഡുകളുടെ ഭരണാനുമതി

165 (1992) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഇറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാട്ടിക നിയോജക മണ്ഡലത്തിലെ ഏതെല്ലാം റോഡുകളാണ് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ബി) പ്രസ്തുത റോഡുകൾക്ക് ഭരണാനുമതി നല്കുന്നതിനുള്ള നടപടി ക്രമങ്ങൾ പൂർത്തിയായിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്നത്തേക്ക് ഭരണാനുമതി ലഭ്യമാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നാട്ടിക നിയോജക മണ്ഡലത്തിലെ താഴെപ്പറയുന്ന 12 റോഡുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി തീരദേശ റോഡുകളുടെ നിലവാരമുയർത്തൽ പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതിയ്ക്കായി ലഭിച്ചിട്ടുണ്ട്: